**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ വൈദ്യുതി കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് നൽകുന്ന വൈദ്യുതി കണക്ഷനുകൾ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024- ലെ ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവു പ്രകാരം ഏറ്റവും കുറവ് വൈദ്യുതി ചാർജ് ഉള്ള വിഭാഗങ്ങളിൽ ഒന്നാണ് കാർഷിക വിഭാഗം ഉപഭോക്താക്കൾ. ലോ ടെൻഷൻ വിഭാഗത്തിൽ പെടുന്ന കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് പ്രതിമാസം കിലോവാട്ടിന് 20 രൂപ ഫിക്സഡ് ചാർജും, യൂണിറ്റൊന്നിന് 2.40 രൂപ എനർജി ചാർജുമാണ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താരിഫ് നിരക്കുകൾ. എന്നാൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക വിഭാഗം ഉപഭോക്താതാക്കൾക്ക് വൈദ്യുതി തികച്ചും സൗജന്യമായാണ് നൽകി വരുന്നത്.<br><br>ഇതിനുള്ള തുക സർക്കാർ ഖജനാവിൽ നിന്ന് DBT സംവിധാനം മുഖേന കെ.എസ്.ഇ.ബി ലിമിറ്റഡിന് നൽകി വരുന്നു.നെൽകൃഷിക്ക് ഭൂപരിധിയി ല്ലാതെയും, മറ്റ് വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റും, (അതിൽ 75% ഭൂമിയെങ്കിലും കൃഷിക്ക് ഉപയുക്തമായി രിക്കണം) പച്ചക്കറി കൃഷിക്ക് 10 സെന്റും, വെറ്റില കൃഷിക്ക് 5 സെന്റുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരിധി. ഇതിനു പുറമേ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂപരിധിക്ക് പുറമേയുള്ള കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് എനർജി ചാർജിന്മേൽ യൂണിറ്റൊന്നിന് 85 പൈസ ഗവൺമെന്റ് സബ്സിഡി നൽകി വരുന്നു. അതായത് സംസ്ഥാനത്തെ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക മേഖലയ്ക്ക് സഹായകരമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | സംസ്ഥാനത്തെ നെൽകൃഷി പരിപോഷിപ്പിക്കാനും നിലനിർത്താനും പാടശേഖരങ്ങൾക്ക് കുറഞ്ഞ | (ബി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024- ലെ ഉത്തരവുപ്രകാരമാണ് |

| | | | |
|---|---|---|---|
| | നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | | സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവു പ്രകാരം ഏറ്റവും കുറവ് വൈദ്യുതി ചാർജ് ഉള്ള വിഭാഗങ്ങളിൽ ഒന്നാണ് കാർഷിക വിഭാഗം ഉപഭോക്താക്കൾ. ലോ ടെൻഷൻ വിഭാഗത്തിൽ പെടുന്ന കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് പ്രതിമാസം കിലോവാട്ടിന് 20 രൂപ ഫിക്സഡ് ചാർജും, യൂണിറ്റൊന്നിന് 2.40 രൂപ എനർജി ചാർജ്ജുമാണ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താരിഫ് നിരക്കുകൾ. എന്നാൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക വിഭാഗം ഉപഭോക്താതാക്കൾക്ക് വൈദ്യുതി തികച്ചും സൗജന്യമായാണ് നൽകി വരുന്നത്.<br><br>ഇതിനുള്ള തുക സർക്കാർ ഖജനാവിൽ നിന്ന് DBT സംവിധാനം മുഖേന കെ.എസ്.ഇ.ബി ലിമിറ്റഡിന് നൽകി വരുന്നു.നെൽകൃഷിക്ക് ഭൂപരിധിയി ല്ലാതെയും, മറ്റു വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റും, (അതിൽ 75% ഭൂമിയെങ്കിലും കൃഷിക്ക് ഉപയുക്തമായി രിക്കണം) പച്ചക്കറി കൃഷിക്ക് 10 സെന്റും, വെറ്റില കൃഷിക്ക് 5 സെന്റുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരിധി. ഇതിനു പുറമേ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂപരിധിക്ക് പുറമേയുള്ള കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജി ന്മേൽ യൂണിറ്റൊന്നിന് 85 പൈസ ഗവൺമെന്റ് സബ്സിഡി നൽകി വരുന്നു. അതായത് സംസ്ഥാനത്തെ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക മേഖലയ്ക്ക് സഹായകരമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്. |
| (സി) | എറണാകുളം ജില്ലയിലെ പാടശേഖര സമിതികളിൽ നിലവിൽ വൈദ്യുതി ലഭ്യമല്ലാത്ത സമിതികൾക്ക് കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | എറണാകുളം ജില്ലയിലെ എറണാകുളം ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ പാടശേഖര സമിതികൾക്കുള്ള വൈദ്യുതി കണക്ഷൻ സംബന്ധിച്ച അപേക്ഷകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള അങ്കമാലി ഡിവിഷൻ പരിധിയിൽ വരുന്ന പാടശേഖര സമിതികൾക്കുള്ള വൈദ്യുതി കണക്ഷൻ സംബന്ധിച്ച അപേക്ഷകൾ കണക്ഷൻ നൽകി തീർപ്പാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പാടശേഖര സമിതികളുടെ പുതിയ അപേക്ഷൾ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ